# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കരട് ദേശീയ ജലനയം സംബന്ധിച്ച നിലപാട്</u>

749

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലനയത്തിന്റെ കരടിൽ നദികളെ ബന്ധിപ്പിക്കണമെന്ന നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

ജലവിഭവ വകുപ്പ് വിവിധയിനത്തിൽ ചെലവഴിച്ച തുക

750 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വകയിരുത്തിയ തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയാണെന്ന കണക്ക് ലഭ്യമാക്കുമോ;

(ബി) ഇക്കാലയളവിൽ വകയിരുത്തിയ പ്ലാൻഫണ്ട് തുകയും ചെലവും ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) 2011-12 വർഷം പ്രസ്തുത വകുപ്പിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതി എന്തൊക്കെയായിരുന്നു; ഓരോന്നിനും വകയിരുത്തിയിരുന്ന തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയാണെന്നുള്ള കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിനുള്ള അനുമതി</u>

751 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ.കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിനുള്ള സാമ്പത്തിക സാങ്കേതിക അനുമതിക്കായി കേന്ദ്ര ജലകമ്മീഷന് സംസ്ഥാനത്തിന്റെ അപേക്ഷ ലഭിച്ചിട്ടില്ലെന്നും ഇപ്പോഴുള്ള അണക്കെട്ടിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും കേന്ദ്ര ജലവിഭവമന്ത്രി പാർലമെന്റിനെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ പുതിയ അണക്കെട്ടിനായും നിലവിലുള്ള ഡാമിന്റെ സുരക്ഷയ്ക്കായും എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാറിൽ പുതിയ ഡാം</u>

752 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ ഭീഷണിയായി തീർന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മുല്ലപ്പെരിയാർ ഡാമിന്റെ അപകടാവസ്ഥ പരിഗണിച്ച് പുതിയ ഡാം നിർമ്മിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ഡാം</u>

753 ശ്രീ. അൻവർ സാദത്ത്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ ഒരു പുതിയ ഡാം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) തമിഴ്നാട്ടിലെയും കേരളത്തിലെയും ജനങ്ങൾ തമ്മിലുള്ള നല്ലബന്ധം നിലനിർത്തുന്നതിന് ഉള്ള ശ്രമങ്ങൾക്ക് മുൻകൈ എടുക്കുമോ ;

(സി) പുതിയ ഡാം സംബന്ധിച്ച് സംസ്ഥാനത്തിന്റെ പ്രഥമ പരിഗണന എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണത്തിന് പുതിയ ഡാമുകൾ</u>

754 ശ്രീ. പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിനും ജലസേചനത്തിനുമായി പുതിയ ഡാമുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര ഡാമുകൾ വീതമാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) ഇതിനായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ഡി) ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പമ്പാ - അച്ചൻകോവിൽ - വൈപ്പാർ സംയോജന പദ്ധതി</u>

755 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, സി. കെ. സദാശിവൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ പരിസ്ഥിതി ഘടന താറുമാറാക്കുന്ന പമ്പാ - അച്ചൻകോവിൽ - വൈപ്പാർ സംയോജന പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടായ സൂപ്രീംകോടതി വിധിയെക്കുറിച്ച് ലഭിച്ച നിയമോപദേശം എന്തായിരുന്നെന്ന് അറിയിക്കാമോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ ഇതുവരെ എടുത്തിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കുടിവെള്ള പദ്ധതികൾ</u>

756 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഈ സർക്കാർ ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ വഴി എത്ര പേർക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയും;

(സി) കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിൽ പദ്ധതി നടത്തിപ്പിനായുള്ള പുന:ക്രമീകരണം</u>

757 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ പദ്ധതി നടത്തിപ്പ് വികേന്ദ്രീകൃതമാക്കുന്നതിനായി 2009 ഏപ്രിൽ മാസം മുതൽ നടപ്പിലാക്കിയ പുന:ക്രമീകരണ പരിപാടിയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിന് ഏതെങ്കിലും സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനം നൽകിയ പഠന റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടികൾ

758 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കുടിവെള്ളക്ഷാമം നേരിടുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) വരൾച്ചാദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി എത്ര കോടി രൂപയുടെ പ്രവൃത്തികൾ കുടിവെള്ള ലഭ്യതക്കായി നടപ്പാക്കുകയുണ്ടായി;

(സി) പല കുടിവെള്ള സ്രോതസ്സുകളും മലിനമാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതിന് പരിഹാരം കാണുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

കുടിവെള്ള പദ്ധതി -നവീകരണവും വ്യാപനവും

759 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് പൈപ്പ് വഴി കുടിവെള്ളം ലഭിക്കുന്നു; ഇതിൽ എത്ര വർദ്ധനവ് വരുത്താനാണ് ഉദ്ദേശിക്കുന്നത്;

(ബി) കാലപ്പഴക്കം ചെന്ന പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുവാനും ട്രീറ്റ്മെന്റ് പ്ലാന്റുകൾ നവീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ജല അതോറിറ്റിയുടെയും നബാർഡിന്റെയും എത്ര കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി; ഈ വർഷം എത്രയെണ്ണം കൂടി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ജലദൗർലഭ്യം നേരിടുന്ന ജില്ലകൾ</u>

760 ശ്രീ. ബെന്നി ബെഹനാൻ
,, വി.റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ ലഭ്യമാണോ;

(ബി) എങ്കിൽ ജലദൗർലഭ്യം നേരിടുന്ന ജില്ലകൾ എതെല്ലാമാണ്; ഈ ജില്ലകളിൽ ശുദ്ധജലവിതരണം ഉറപ്പു വരുത്തുന്നതിന് എത്രത്തോളം സാധിച്ചു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ജലാശയങ്ങളുടെ ശുദ്ധീകരണം</u>

761

ശ്രീ. കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട ജലാശയങ്ങളെ മാലിന്യമുക്തമാക്കാൻ കേന്ദ്ര സഹായത്തോടെ പ്രത്യേക പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഏത് ഏജൻസിയുടെ സഹായത്തോടെയാണ് പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് സംബന്ധിച്ച സാധ്യതാ പഠനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കുടിവെള്ള മാഫിയയുടെ പ്രവര്‍ത്തനം നിയന്ത്രിക്കാന്‍ നടപടി</u>

762 ശ്രീ. പി. എ. മാധവന്‍
,, വി. പി. സജീന്ദ്രന്‍
,, കെ. ശിവദാസന്‍ നായര്‍
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുടിവെള്ള മാഫിയയുടെ പ്രവര്‍ത്തനം നിയന്ത്രിക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ടാങ്കര്‍ ലോറി വഴി വിതരണം ചെയ്യുന്ന വെള്ളം ഉപയോഗിക്കുന്നതു വഴി വ്യാപകമായ ആരോഗ്യപ്രശ്നങ്ങള്‍ ഉള്ളതായുള്ള മാധ്യമവാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇതിനെതിരെ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ഇതിനായി ജില്ലാതലത്തില്‍ വിവിധ വകുപ്പുകളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും യോഗങ്ങള്‍ വിളിച്ച് കൂട്ടുന്നതിന് നടപടികള്‍ സ്വീകരിക്കുമോ;

(ഡി) കേരള വാട്ടര്‍ അതോറിറ്റി ശരിയായ രീതിയില്‍ ശുദ്ധീകരണം നടത്താത്ത ജലം വിതരണം ചെയ്യുന്നത് ഒഴിവാക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കുടിവെള്ള സ്രോതസ്സുകൾ മാലിന്യമുക്തമാക്കാൻ പദ്ധതി</u>

763 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച ജലസാമ്പിളുകളിൽ കോളിഫോം ബാക്ടീരിയയുടെ കൂടിയ അളവിലുള്ള സാന്നിദ്ധ്യം കണ്ടെത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നദികളിലും ജലാശയങ്ങളിലും സമീപ പട്ടണങ്ങളിൽ നിന്നുമുള്ള മലിനജലം ഒഴുകിച്ചേരുന്നത് മൂലമുണ്ടാകുന്ന മലിനീകരണം തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പട്ടണപ്രദേശങ്ങളിലെ അഴുക്കുചാലുകൾ വൃത്തിയാക്കുന്നതിനും അതിലെ മലിനജലം സംസ്ക്കരിച്ച് അതിലെ മാലിന്യത്തോത് കുറയ്ക്കുന്നതിനുമുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കാലപ്പഴക്കമുള്ള പൈപ്പുകളിലൂടെയുള്ള ജല വിതരണം</u>

764 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന് ദ്രവിച്ചു തുടങ്ങിയ പൈപ്പിലൂടെ എത്തുന്ന കുടിവെള്ളം ഉപയോഗിക്കുന്നതു മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ജലവിഭവ വകുപ്പിന്റെ കുപ്പിവെള്ളം</u>

765 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശുദ്ധജലം കുപ്പികളിലാക്കി വിലകുറച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മഴവെള്ളസംഭരണികൾ സജ്ജമാക്കിക്കൊണ്ട് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ശാസ്ത്രീയ പഠനം നടത്തുന്നതിന് വിദഗ്ദരെ നിയോഗിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ജപ്പാൻ കുടിവെള്ള പദ്ധതി- കണക്ഷൻ നൽകുന്നതിലെ കാലതാമസം</u>

766 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തലയിൽ നടപ്പിലാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം നിലവിൽ എത്ര പേർക്ക് കുടിവെള്ള കണക്ഷൻ നൽകി ക്കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള കണക്ഷൻ നൽകുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം അപേക്ഷ നൽകി കാത്തിരിക്കുന്ന എത്ര പേർക്ക് ഇനിയും വാട്ടർ കണക്ഷൻ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കുടിവെള്ള വിതരണത്തിനു സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ പൊട്ടി റോഡുകളിൽ വെള്ളക്കെട്ടുണ്ടാകുന്നതും പൈപ്പുകളിൽ വെള്ളം എത്താത്തവിധം തടസ്സങ്ങളുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപറഞ്ഞ ബുദ്ധിമുട്ടുകൾ അടിയന്തിരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

ആറ്റിങ്ങൽ മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

767 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ വാട്ടർ അതോറിട്ടിയുടെ മേൽനോട്ടത്തിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഓരോന്നും എന്ന് പൂർത്തിയാക്കുമെന്നും വിശദമാക്കാമോ;

(സി) വാട്ടർ അതോറിട്ടിയുടെ ആറ്റിങ്ങൽ ഡിവിഷനു കീഴിൽ കരാർ അടിസ്ഥാനത്തിൽ എത്ര പമ്പ് ഓപ്പറേറ്റർമാർ ജോലി നോക്കുന്നുണ്ട്; ഇവർക്ക് ലഭിക്കുന്ന വേതനം എത്ര വീതമാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പമ്പിംഗ് സ്റ്റേഷനുകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ നടപടി</u>

768 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം പി.എച്ച് ഡിവിഷന്‍ പരിധിയില്‍ വരുന്ന പമ്പ്, മോട്ടോര്‍ അനുബന്ധ ഉപകരണങ്ങള്‍ എന്നിവയുടെ മെയിന്റനന്‍സ് ജോലികള്‍ ചെയ്യുന്ന കോണ്‍ട്രാക്ടര്‍മാര്‍ പ്രസ്തുത ജോലി നിര്‍ത്തി വച്ചിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) രൂക്ഷമായ വരള്‍ച്ച ബാധിച്ചിട്ടുള്ള സാഹചര്യത്തില്‍ പമ്പിംഗ് സ്റ്റേഷനുകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിനും കുടിവെള്ളക്ഷാമം ഒഴിവാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കൊട്ടാരക്കര കേന്ദ്രമാക്കി വാട്ടർ അതോറിറ്റിയുടെ പുതിയ ഡിവിഷൻ</u>

769 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര കേന്ദ്രമാക്കി വാട്ടർ അതോറിറ്റിയുടെ പുതിയ ഡിവിഷൻ രൂപീകരിക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഇപ്പോൾ ആരുടെ പരിഗണനയിലാണ്;

(സി) പ്രസ്തുത ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

ചെറുതാഴം സെൻസസ് ടൗൺ കുടിവെള്ള പദ്ധതി

770 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള വിതരണത്തിൽ നിന്ന് ഒഴിവായ ജലക്ഷാമം നേരിടുന്ന ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ഏഴോളം വാർഡുകളെ ഉൾപ്പെടുത്തി കുടിവെള്ളത്തിന് ശാശ്വത പരിഹാരത്തിനായി സമർപ്പിച്ച ചെറുതാഴം സെൻസസ് ടൗൺ പദ്ധതി സംബന്ധിച്ച നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>നാട്ടികയിലെ ജലവിതരണ പദ്ധതികൾ</u>

771 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ നിലവിലുള്ള ജലവിതരണ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>മൂർക്കനാട് കുടിവെള്ള പദ്ധതി</u>

772 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

കറുകുറ്റി, മൂക്കന്നൂർ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണം

773 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി-മൂക്കന്നൂർ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സബാർഡിന്റെ സഹായത്തോടെ ആരംഭിച്ച 17 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ബി) കറുകുറ്റി പഞ്ചായത്തിൽ റെയിൽവേ ലൈൻ ക്രോസ് ചെയ്ത് ശുദ്ധജലവിതരണ പൈപ്പ് സ്ഥാപിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) മേല്പറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസുകളുടെ അവസ്ഥ വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>കുന്നംകുളം - പാവറട്ടി ശുദ്ധജല പദ്ധതിയുടെ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ</u>

774 ശ്രീ. ബാബു.എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്ന പാവറട്ടി ശുദ്ധജല പദ്ധതിയുടെ പ്രധാന പൈപ്പ്ലൈൻ കാലപ്പഴക്കം മൂലം ഇടയ്ക്കിടെ പൊട്ടി ശുദ്ധജലക്ഷാമം അനുഭപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡിനടിയിൽ കുഴിച്ചിട്ട പൈപ്പ്ലൈൻ പൊട്ടി റോഡിൽ ഗർത്തങ്ങൾ ഉണ്ടായി അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2011-ൽ കുന്നംകുളം മേഖലയിൽ ഈ പദ്ധതിയുടെ പൈപ്പ്ലൈൻ എത്ര തവണ പൊട്ടി റിപ്പയർ ചെയ്തിട്ടുണ്ട്;

(ഡി) പൈപ്പ് പൊട്ടി ശുദ്ധജലവിതരണം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിനായി കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>വൈപ്പിൻ- ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ജിഡ ഫണ്ടിന്റെ വിനിയോഗം</u>

775 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ജിഡ ഫണ്ട് ഉപയോഗിച്ച് ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകും;

(ബി) കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സമയ പരിധിക്കുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സോണുകളിലെ പ്രവൃത്തികളാണ് ഇനിയും തുടങ്ങുവാനുള്ളത്;

(ഡി) പറവൂർ നിന്നും എടവനക്കാടുവരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

ചാലക്കുടി മണ്ഡലത്തിലെ പദ്ധതികൾ

776 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പീലാർമുഴി എൽ.ഐ. സ്കീം നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; ഇതു സംബന്ധിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി-പരിയാരം സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ ; പ്രസ്തുത നടപടി പൂർത്തീകരിച്ച് ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

പൊന്നാനി താലൂക്കിൽ ശുദ്ധജല വിതരണത്തിനുള്ള നടപടി

777 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കിൽ വാട്ടർ അതോറിറ്റിക്ക് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റില്ലാത്തതുകൊണ്ട് ജനങ്ങൾ മലിനജലം ഉപയോഗിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വെച്ചിട്ടുള്ള അവിടുത്തെ ശുദ്ധജല വിതരണ പദ്ധതിക്ക് ആവശ്യമായ പണം നീക്കിവച്ച് പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ചമ്രവട്ടം റഗുലേറ്റർ-കം ബ്രിഡ്ജ് യാഥാർത്ഥ്യമായതോടെ ശുദ്ധജലം ധാരാളം സംഭരിക്കപ്പെടുന്നുണ്ടെങ്കിലും അത് വിതരണം ചെയ്യുന്നതിനാവശ്യമായ ടാങ്കും വിതരണ ശൃംഖലയുമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പൊന്നാനി മുൻസിപ്പാലിറ്റി, മാറഞ്ചേരി, വെളിയങ്കോട്, പെരുംമ്പടപ്പ്, ആലങ്കോട് എന്നീ പഞ്ചായത്തുകളിലേയ്ക്ക് ജലമെത്തിക്കാൻ ആവശ്യമായ ടാങ്കും പൈപ്പുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ കുടിവെള്ള ക്ഷാമം</u>

778 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>താനൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം</u>

779 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന മണ്ഡലമായ താനൂരിൽ മേജർ കുടിവെള്ള പദ്ധതിയൊന്നും നിലവിലില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനതല കമ്മിറ്റിയുടെ പരിഗണനയിലുള്ള നിർദ്ദിഷ്ട ഒഴൂർ കുടിവെള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) താനൂർ - താനാളൂർ - നിറമരുതൂർ - ചെറിയമുണ്ടം - പൊന്മുണ്ടം പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ചമ്രവട്ടം കേന്ദ്രീകരിച്ച് ഏതെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ജലനിധി II പദ്ധതിയുടെ പുരോഗതി</u>

780

### ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലനിധി II ലേക്കായി എത്ര തുകയുടെ പദ്ധതി എത്ര പഞ്ചായത്തുകളിലായാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ജലനിധി II ലേക്ക് പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) ഇതിനകം എത്ര പഞ്ചായത്തുകൾ പദ്ധതിയിലേക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ടാങ്കർ ലോറികളിൽ കൂടിയുള്ള കുടിവെള്ള വിതരണം</u>

781 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ടാങ്കർ ലോറികൾ വിതരണം ചെയ്യുന്ന കുടിവെള്ളം മലിനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്വകാര്യ ടാങ്കർ ലോറികളിൽകൂടിയുള്ള കുടിവെള്ള വിതരണം പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ;

(സി) സ്വകാര്യ ടാങ്കർ ലോറികളിൽകൂടിയുള്ള കുടിവെള്ള വിതരണത്തിന് ലൈസൻസ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി</u>

782

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി"യുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ച വർഷം, അടങ്കൽ തുക, ഇതുവരെ ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നാദാപുരം മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ എത്ര വീതം ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമായിരിക്കുമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എത്രയും വേഗം അത് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പുറത്തൂർ, തൃപ്രങ്ങോട്, മംഗലം പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ സർവ്വെ</u>

783 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുറത്തൂർ, തൃപ്രങ്ങോട്, മംഗലം പഞ്ചായത്തുകളിൽ കുടിവെളളക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ കീഴിൽ സർവ്വെ നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വെ എന്ന് പൂർത്തിയാക്കി വിശദമായ പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കാനാവുമെന്നാണ് കരുതുന്നത്;

(സി) മേല്പറഞ്ഞ മൂന്ന് പഞ്ചായത്തുകളും ക്വാളിറ്റി ഇഫക്ടഡ് ഏരിയകളാണെന്നുളള വിവരം ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) ക്വാളിറ്റി ഇഫക്റ്റ്ഡ് ഏരിയയിൽ കുടിവെളളം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച അഡ്വ. ജനറലിന്റെ നിലപാട്</u>

784 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ സ്വീകരിച്ച നിലപാട് സംബന്ധിച്ച് മാധ്യമങ്ങളിൽ വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുല്ലപ്പെരിയാർ വിഷയത്തിൽ ഹൈക്കോടതിയിൽ സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് എന്തെങ്കിലും റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**മുല്ലപ്പെരിയാർ - പുതിയ അണക്കെട്ടെന്ന ആവശ്യത്തിൽ നിന്നുള്ള പിന്മാറ്റം**

785 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'കേരളത്തിന് സുരക്ഷയും തമിഴ്നാടിന് വെള്ളവും' എന്ന ആശയത്തിൽ ഉറച്ചു നിന്നുകൊണ്ടുള്ള പുതിയ അണക്കെട്ട് എന്ന ആവശ്യത്തിൽ നിന്നും, മുല്ലപ്പെരിയാർ അണക്കെട്ടിന് ബലക്ഷയം ഇല്ലെന്ന ഉന്നതാധികാര സമിതിയുടെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ, സർക്കാർ പിന്നോട്ട് പോയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ആയത് നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ ;

(ബി) അണക്കെട്ടിന്റെ ബലക്ഷയം സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്തി, പുതിയ അണക്കെട്ടെന്ന ആവശ്യം നേടിയെടുക്കുന്നതിൽ സർക്കാരിന് എന്തെങ്കിലും പിശക് പറ്റിയതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

പനത്തുറക്കരയിലെ പുലിമുട്ടു നിർമ്മാണം

786 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പ് നേമം നിയോജകമണ്ഡലത്തിലെ പനത്തുറക്കരയിൽ പുലിമുട്ടുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി എന്തു തുക ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട് ;

(ഡി) പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

പനത്തുറക്കര - കടലാക്രമണത്തിൽ നിന്നും സംരക്ഷണം

787 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ വെള്ളാർ വാർഡിലെ പനത്തുറക്കരയിലുള്ള ഇസ്ലാം മത വിശ്വാസികളുടെ ആരാധനാലയം, സംരക്ഷണ ഭിത്തി/പുലിമുട്ട് സ്ഥാപിക്കാത്തതു കാരണം കടലെടുക്കാൻ സാദ്ധ്യതയുള്ള അവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആരാധനാലയത്തെയും തീരപ്രദേശത്തെയും സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പുറക്കാട് കടൽ ഭിത്തി നിർമ്മാണം</u>

788 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗ്രാമപഞ്ചായത്തിൽ കടൽഭിത്തിയും പുലിമുട്ടും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) കാലവർഷം ശക്തമാകുന്നതിനുമുമ്പ് പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ തീരപ്രദേശം കടൽഭിത്തിയും പുലിമുട്ടും സ്ഥാപിച്ച് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിൽ കടലാക്രമണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ</u>

789 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം തടയുന്നതിനായി പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് കേന്ദ്രത്തിൽ നിന്ന് ധനസഹായത്തിനായി എത്ര തുകയുടെ പ്രപ്പോസൽ ആണ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതി നിർദ്ദേശത്തിന്റെ വിശദാംശം നൽകുമോ;

(ബി) എത്ര രൂപയുടെ പദ്ധതി കേന്ദ്രം അംഗീകരിച്ചു എന്നും ആയതിന് എന്തു തുക അനുവദിച്ചു എന്നും വിശദമാക്കുമോ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ കടലാക്രമണ നിരോധന പദ്ധതിയിൽ 2011-2012 ലെ ബജറ്റിൽ തുക വകയിരുത്തി പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്ന ഭരണാനുമതി പ്രവൃത്തികൾ ഏതെല്ലാം; വിശദമാക്കുമോ ?

(ഡി) 2012-2013 ലെ ബജറ്റിൽ കടലാക്രമണ നിരോധന പദ്ധതിയിൽ കടൽ ഭിത്തി നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി കൊയിലാണ്ടി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാം എന്നും ഓരോ പ്രവൃത്തിയ്ക്കും എത്ര തുകയാണ് ഭരണാനുമതിയുള്ളത് എന്നും ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും വിശദീകരിക്കുമോ;

(ഇ) പ്രസ്തുത മണ്ഡലത്തിലെ കൊല്ലം കുത്തംപള്ളി കടപ്പുറത്ത് നിലവിലുള്ള താൽക്കാലിക കടൽഭിത്തി തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ കടൽ ഭിത്തി നിർമ്മിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>വളപട്ടണം പുഴയിൽ തടയണയും പാലവും കെട്ടുന്നതിനുള്ള പദ്ധതി</u>

790 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വളപട്ടണം പുഴയുടെ ആയിപ്പുഴ ഭാഗത്ത് തടയണയും പാലവും കെട്ടുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് എപ്പോഴാണ് അനുമതി നൽകിയതെന്നു വ്യക്തമാക്കുമോ ;

(ബി) ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പ്രകാരം എത്ര തുകയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നുവെന്നു വ്യക്തമാക്കുമോ ;

(സി) കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ് താലൂക്കുകളിലെ കാർഷികാവശ്യങ്ങൾക്കും കുടിവെള്ളത്തിനും ഉപയുക്തമാക്കുവാൻ കഴിയുന്ന പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>അഞ്ചരക്കണ്ടിപ്പുഴയ്ക്ക് കുറുകെ മുടപ്പത്തൂര്‍ ഭാഗത്ത് തടയണ</u>

791 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മട്ടന്നൂരിലെ അഞ്ചരക്കണ്ടിപ്പുഴയ്ക്കു കുറുകെ മുടപ്പത്തൂര്‍ ഭാഗത്ത് തടയണ കെട്ടുന്നതിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നല്‍കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നല്‍കിയിട്ടുള്ളതെന്നും ഇതിനാവശ്യമായ തുക ഏതു ശീര്‍ഷകത്തില്‍ ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) മുടപ്പത്തൂര്‍ തടയണയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂര്‍ ചെറുകിട ജലസേചന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് എപ്പോഴാണ് ഇറിഗേഷന്‍ ചീഫ് എഞ്ചിനീയര്‍ക്ക് സമര്‍പ്പിച്ചതെന്ന് അറിയിക്കുമോ;

(ഡി) ഭരണാനുമതി ലഭിക്കുകയും ബഡ്ജറ്റില്‍ മതിയായ തുക വകയിരുത്തുകയും ചെയ്ത ചെറുകിട പദ്ധതികളുടെ സാങ്കേതികാനുമതിയും അനന്തര നടപടികളും പൂര്‍ത്തീകരിക്കുവാന്‍ കൈക്കൊണ്ട നടപടികള്‍ വിശദീകരിക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>നാട്ടിക നിയോജക മണ്ഡലത്തിലെ തീരദേശ സംരക്ഷണം</u>

792 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ കരയിടിച്ചിലിന് വിധേയമായ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രദേശങ്ങളിൽ കടലാക്രമണം മൂലം ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇവിടുത്തെ തീരദേശ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ആറ്റപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം</u>

793 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ, പുതുക്കാട് നിയോജക മണ്ഡലത്തിലെ ആറ്റപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കാഞ്ഞിരപ്പുഴയിലെ നീട്ടാറമ്പ് ക്രോസ്ബാർ കം ബ്രിഡ്ജ് നിർമ്മാണം</u>

794

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മാലൂർ ഗ്രാമപഞ്ചായത്തിനെയും ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിനെയും വേർതിരിക്കുന്ന കാഞ്ഞിരപ്പുഴയിലെ നിട്ടാറമ്പ് ക്രോസ്ബാർ കം ബ്രിഡ്ജ് നിർമ്മാണത്തിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് എപ്പോഴാണ് സമർപ്പിച്ചതെന്നു വ്യക്തമാക്കുമോ;

(ബി) എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം നൽകിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതി നബാർഡ് ധനസഹായം ലഭ്യമാക്കുവാൻ ഉള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പുസാമ്പത്തിക വർഷത്തെ നബാർഡ് ധനസഹായത്തിനായുള്ള അപേക്ഷകളും പ്രൊപ്പോസലുകളും പ്രോജക്റ്റുകളും നബാർഡിനു സമർപ്പിച്ചു കഴിഞ്ഞോയെന്നും അതിൽ നിർദ്ദിഷ്ട പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഇ) നടപ്പു സാമ്പത്തിക വർഷം നബാർഡ് ധനസഹായത്തിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടില്ലായെങ്കിൽ പ്രസ്തുത പദ്ധതി കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

കാരാച്ചുണ്ട് പനോം വയൽ തോട് സംരക്ഷണം

795 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കൂരാച്ചുണ്ട് പനോം വയൽ തോട് സംരംക്ഷണം സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

ചേലക്കര മണ്ഡലത്തിലെ തടയണകളുടെ നിർമ്മാണം

796 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള പൈങ്കുളം, കൂട്ടിൽമുക്ക്, കൊടപ്പാറക്കയം എന്നീ തടയണകളുടെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തടയണകൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തൊക്കയാണ്;

(സി) സാങ്കേതികാനുമതി ലഭ്യമാക്കി പ്രസ്തുത തടയണകളുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

മാമ്പുഴയുടെ സംരക്ഷണം

797 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കല്ലായിപ്പുഴയുടെ കൈവഴിയായ മാമ്പുഴ നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവിടെയുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സർവ്വെ നടപടികൾ പൂർത്തിയാക്കാൻ പ്രത്യേക ടീമിനെ നിയോഗിക്കുമോ ;

(ഡി) റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി മാമ്പുഴ സംരക്ഷിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

കാര്യംകോട് പുഴയ്ക്ക് ചെറുപുഴയിൽ വെന്റഡ് ചെക്ക് ഡാം ട്രാക്റ്റർവേ നിർമ്മാണം

798 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കാര്യംകോട് പുഴയ്ക്ക് ചെറുപുഴയിൽ നിർമ്മിക്കുന്ന വെന്റഡ് ചെക്ക് ഡാം ട്രാക്റ്റർവേ നിർമ്മാണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്കമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ജലവിഭവവകുപ്പിന്റെ ഭൂമി ലീസിന് നൽകുന്ന അനുമതി</u>

799 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവവകുപ്പിന്റെ കീഴിൽ ഉപയോഗശൂന്യമായ എത്ര എക്കർ സ്ഥലമാണുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി മറ്റ് വകുപ്പുകൾക്കോ സ്ഥാപനങ്ങൾക്കോ ലീസിന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ വകുപ്പുകൾക്കും ഏതൊക്കെ സ്ഥാപനങ്ങൾക്കും ഏതൊക്കെ ജില്ലകളിൽ സ്ഥലം ലീസിന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

ഒറ്റപ്പാലം ഫിലിം സിറ്റിക്ക് ഭൂമി

800 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ഫിലിം സിറ്റി നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിന്റെ കീഴിലുളള ഭൂമി കൈമാറുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എടുത്ത തീരുമാനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ജലസേചന വകുപ്പിന്റെ കീഴിലുളള എത്ര ഏക്കർ ഭൂമിയാണ് കൈമാറുവാൻ നിശ്ചയിച്ചത്;

(സി) പ്രസ്തുത ഭൂമി ഏതെല്ലാം സർവ്വെ നമ്പരുകളിലാണ് ഉൾപ്പെടുന്നത്; അതിന്റെ ലാന്റ് മഹസ്സർ ലഭ്യമാക്കാമോ;

(ഡി) എന്ന് ഭൂമി കൈമാറുവാൻ കഴിയും; പദ്ധതി ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

അന്ധകാരനഴി സ്പിൽവേ ഷട്ടർ

801

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല ചെറുകിട ജലസേചന അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിനു മുന്നിൽ കടലോര നിവാസികളും വള്ളത്തൊഴിലാളികളും നടത്തുന്ന ഉപവാസ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ ആവശ്യങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) അന്ധകാരനഴി സ്പിൽവേ ഷട്ടർ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുമ്പോൾ പ്രസ്തുത പ്രദേശത്തെ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകളും വെള്ളപ്പൊക്ക സാദ്ധ്യതകളും കണക്കിലെടുക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഒരു കാർഷിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ ഷട്ടർ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ബാലുശ്ശേരി കോട്ടനടപുഴയിലെ വി.സി.ബി കളുടെ നവീകരണം</u>

802 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി കോട്ടനട പുഴയൽ പനങ്ങാട് വില്ലേജ് ഓഫീസിന്റെ സമീപത്തെ പാടശേഖരത്തിന് വെള്ളം ലഭ്യമാക്കുന്ന രണ്ട് വി.സി.ബി. കൾ നവീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>നേമത്തെ കുളങ്ങളുടെ പുനരുദ്ധാരണം</u>

803 ശ്രീ. വി.ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കുളങ്ങളുടെ വാർഡു തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത കുളങ്ങളിൽ ഏതൊക്കെ കുളങ്ങളെ നവീകരിക്കാനും ശുചീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട് ;

(സി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രവർത്തന പുരോഗതി</u>

804 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കുറ്റ്യാടി ജലസേചന പദ്ധതി - കനാൽ ബണ്ട് റോഡുകളുടെ നവീകരണം</u>

805 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതി കനാൽ ബണ്ട് റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുളളത് ; പ്രവൃത്തികളുടെ പേരു വിവരവും ഓരോന്നിനും എത്ര തുക വീതം അനുവദിച്ചു എന്നും വെളിപ്പെടുത്തുമോ ;

(ബി) പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കും എന്നും വ്യക്തമാക്കുമോ ;

(സി) അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പഴശ്ശി കനാൽ പുനരുദ്ധാരണം</u>

806 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിലെ എടക്കാട് ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പഴശ്ശി കനാൽ യഥാസമയം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താത്തതു മൂലം നാശോന്മുഖമായ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കനാൽ അറ്റകുറ്റ പണി നടത്തി ആഴം കൂട്ടി മുകളിൽ സ്ലാബിട്ട് വൃത്തിയാക്കുന്ന പുനരുദ്ധാരണ പ്രവൃത്തി അടിയന്തിരമായി നടപ്പാക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>എലത്തൂരിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ</u>

807

ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ 2011-12 ൽ മൈനർ ഇറിഗേഷന്റെ കീഴിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പഞ്ചായത്തുകളുടെ പേരും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

അങ്കമാലി - മാഞ്ഞാലിത്തോടിന്റെ പുനരുദ്ധാരണം

808 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജക മണ്ഡലത്തിലെ മാഞ്ഞാലിത്തോടിന്റെ വെട്ടിപ്പുഴക്കാവ് ഭഗവതിക്ഷേത്രം മുതൽ മധുരപ്പുറം പാലം വരെയുള്ള നബാർഡ് ധനസഹായത്തോടെയുള്ള പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; ഈ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം - കാസർഗോഡ് ജലപാതയുടെ പുനരുദ്ധാരണം</u>

809 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം തിരുവനന്തപുരം - കാസർഗോഡ് ജലപാതയുടെ പുനരുദ്ധാരണത്തിനായി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും 2011-12 സാമ്പത്തിക വർഷത്തിൽ ചെലവാക്കിയ തുക, 2012-13 ൽ വകയിരുത്തി ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ജലപാതയുടെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം-കാസർകോഡ് ജലപാത</u>

810 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർകോഡ് ജലപാത ഗതാഗതയോഗ്യമാക്കുന്നതിന്റെ പ്രവർത്തനപുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്നും എന്ന് ജലഗതാഗതം ആരംഭിക്കുമെന്നും അറിയിക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

വടകര - മാഹി കനാൽ നിർമ്മാണം

811 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലപാതയുടെ ഭാഗമായ വടകര - മാഹി കനാൽ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് ഏത് വർഷമാണ് പൂർത്തിയാക്കിയത്; എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുളളത്;

(ബി) നിർദ്ദിഷ്ട കനാൽ എത്ര നീളത്തിലും വീതിയിലുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ ആഴം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) നിർദ്ദിഷ്ട ജലപാത നിർമ്മിക്കുമ്പോൾ റോഡ് ഗതാഗതം തടസ്സപ്പെടാതിരിക്കുന്നതിന് എത്ര പാലങ്ങൾ നിർമ്മിക്കുന്നുണ്ട്; അവ എവിടെയെല്ലാമാണ്;

(ഡി) ജലപാതാ നിർമ്മാണം വൈകിയതിന്റെ കാരണമെന്താണ്; ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വ്യക്തമാക്കുമോ?